# അസോസിയേഷൻ ഓഫ് കേരള ഗവൺമെന്റ് കോളേജ് ടീച്ചേഴ്സ്
# (എ.കെ.ജി.സി.ടി.)
# സംസ്ഥാന പ്രവർത്തകസമിതിയോഗം SWC 01/2023
# 26.03.2023 സി.എസ്.ഐ.റിട്രീറ്റ് സെന്റർ കോട്ടയം

## മിനിട്സ്

**അജണ്ട**

1. പ്രക്ഷോഭ പരിപാടികൾ
2. ആവശ്യമായ മറ്റുകാര്യങ്ങൾ

**ഹാജർ**

ഡോ. പി. പി. പ്രകാശൻ, ഡോ. സന്തോഷ് ടി. വർഗീസ്, ഡോ. ഗീതാനമ്പ്യാർ എം.കെ., ഡോ. മുഹമ്മദ് റഫീഖ് ടി., ഡോ. വിനു ഭാസ്കർ, ഡോ. എം.എസ്. മുരളി, രഘുദാസ് പി. വി., ശശി സി.ടി., ഡോ. എൻ. മനോജ്, ഡോ. ബി. അശോക്, സൗമ്യ എസ്., ഡോ. വിഷ്ണു വി.എസ്., ഡോ. എ. ബാലകൃഷ്ണൻ, ഡോ. ഗായത്രി ദേവി ജി., ഡോ. അജി. പി. എൽ., ഡോ. ആർ. പ്രഗാഷ്, ഡോ. സുമി ജോയ് ഓലിയപ്പുറം, സുശാന്ത് പി., ഡോ. സഞ്ജയ് എസ്., ഡോ. ബേബി ഷീബ സി. പി., ഡോ. ജിനീഷ് പി. എസ്., സോബിൻ വർഗീസ്, ഡോ. മഞ്ജുള കെ. വി., സജിത്ത് കുമാർ പി., ഡോ. പ്രിൻസ് പി.ആർ., ഡോ. സുനിത ഗണേഷ്, ഡോ. എം. എ. അസ്കർ, ഡോ. സെനോ ജോസ്, ഡോ. ആനന്ദ് ടി. എ., ഡോ. റോസ് നിക്സ് പി.കെ., ഡോ. മാണിക്ക്യരാജ് കെ., ജയരാജ് ജെ., ഡോ. ഷജില ബീവി, ഡോ. റിജുലാൽ ജി., ഡോ. രാജു എം. സി., ഡോ. ചന്ദ്രമോഹൻ കെ. ടി., ഡോ. കെ. റഹീം, ഡോ. പ്രദീപ് കുമാർ, ഡോ. രഞ്ജിത്ത് മോഹൻ, അനൂപ് ജെ. ആലക്കപ്പള്ളി, ഡോ. സുജ ടി.വി., ആൽബർട്ട് ആൻറണി ടി., രജിത സി. ആർ., ഡോ. ഉദയകുമാർ, ഡോ. ദിനേശൻ പി.കെ., ഡോ. ശരത്ത് എസ്., ഡോ. ഷാനവാസ് പി. എച്ച്., ആസിഫ് ഇഖ്ബാൽ കാക്കശ്ശേരി

ഉച്ചയ്ക്ക് 2ന് കോട്ടയം സി.എസ്.ഐ. റിട്രീറ്റ് സെന്ററിൽ ചേർന്ന യോഗത്തിൽ സംസ്ഥാന പ്രസിഡണ്ട് ഡോ. പി. പി. പ്രകാശൻ ആധ്യക്ഷ്യം വഹിച്ചു. സംസ്ഥാന ജനറൽ സെക്രട്ടറി ഡോ. മുഹമ്മദ് റഫീഖ് ടി. റിപ്പോർട്ട് അവതരിപ്പിച്ചു.

**ജനറൽ സെക്രട്ടറിയുടെ റിപ്പോർട്ട്**

സുഹൃത്തുക്കളേ,

സർവ്വീസ് വിഷയം ഉൾപ്പെടെയുള്ള വിഷയങ്ങളിൽ ഗൗരവമായ തീരുമാനം ഇന്ന് എടുക്കേണ്ടതുണ്ട്. സംസ്ഥാനസമ്മേളനം നല്ല രീതിയിൽ സംഘടിപ്പിക്കുവാൻ സാധിച്ചു എന്നാണ് പ്രാഥമികമായ വിലയിരുത്തൽ. വിശദമായ അവലോകനം അടുത്ത പ്രവർത്തക സമിതി യോഗത്തിൽ ഉണ്ടാകും.സർക്കാർ കോളേജ് അധ്യാപകരുടെ പ്രൊമോഷൻ നടപടികൾ കോളേജ് വിദ്യാഭ്യാസ വകുപ്പിന്റെ അലംഭാവം മൂലം നീണ്ടു പോകുന്നു.പ്രൊഫസർഷിപ്പ്, പ്രിൻസിപ്പൽ നിയമനം ഉൾപ്പെടെയുള്ള കാര്യങ്ങൾ നടക്കാത്ത അവസ്ഥയാണ്.മേൽ വിഷയത്തിൽ ആവശ്യമായ പ്രക്ഷോഭപരിപാടികൾ ഉൾപ്പെടെ അലോചിച്ച് തീരുമാനിക്കേണ്ടതുണ്ട്. ഇന്നത്തെ ജനറൽ കൗൺസിൽ തീരുമാനപ്രകാരം സംഘടനയുടെ ആലപ്പുഴ ജില്ലാ കമ്മറ്റി രൂപീകരിക്കുന്ന കാര്യം ആലോചിക്കണം. അടുത്ത അക്കാദമിക് വർഷത്തക്കുള്ള ഡയറി തയ്യാറാക്കണം. സംസ്ഥാനതലത്തിൽ അവാർഡുകൾ നേടിയ നമ്മുടെ അംഗങ്ങളെ സംഘടനയുടെ നേതൃത്വത്തിൽ അനുമോദിക്കേണ്ടതുണ്ട്.

ജനറൽ സെക്രട്ടറിയുടെ റിപ്പോർട്ടിനെ തുടർന്ന് മേൽ വിഷയങ്ങളിൽ വിശദമായ ചർച്ച നടന്നു. തുടർന്ന് താഴെ പറയുന്ന തീരുമാനങ്ങളെടുത്തു.

**തീരുമാനങ്ങൾ**

1. അധ്യാപകരുടെ സർവീസ് വിഷയങ്ങളിൽ കോളേജ് വിദ്യാഭ്യാസ വകുപ്പ് കാണിക്കുന്ന അലംഭാവ നടപടികൾക്കെതിരെ ഏപ്രിൽ മാസത്തിൽ ഡയറക്ടറേറ്റിലേക്ക് മാർച്ചും ,ധർണ്ണയും ഉൾപ്പെടെയുള്ള പ്രതിഷേധ പരിപാടികൾ സംഘടിപ്പിക്കുവാൻ തീരുമാനിച്ചു.പ്രക്ഷോഭ പരിപാടികളുടെ നടത്തിപ്പ് ചുമതല പ്രസിഡന്റ്, ജന.സെക്രട്ടറി, ട്രഷറർ എന്നിവർക്ക് നൽകി.
2. എത്രയും വേഗം കൺവൻഷൻ ചേർന്ന് ആലപ്പുഴ ജില്ലാകമ്മറ്റി രൂപീകരിക്കുവാൻ തീരുമാനിച്ചു.
3. സംസ്ഥാന തലത്തിൽ അവാർഡുകൾ ലഭിച്ച നമ്മുടെ അംഗങ്ങളെ സംഘടനയുടെ ആഭിമുഖ്യത്തിൽ അനുമോദിക്കുവാനും ,ഇത് സമയബന്ധിതമായി നടത്തുവാനുള്ള ചുമതല സംഘശബ്ദം എഡിറ്റർ ഡോ.എം.എ അസ്കറിന് നൽകുകയും ചെയ്തു.
4. അടുത്ത വർഷത്തേക്കുള്ള അക്കാദമിക് ഡയറി തയാറാക്കുവാൻ ഡോ.ടി.എ ആനന്ദിനെ ചുമതലപ്പെടുത്തി.

യോഗം 3 മണിക്ക് അവസാനിച്ചു

അഭിവാദ്യങ്ങളോടെ

തിരുവനന്തപുരം
26-03-2022

ഡോ. മുഹമ്മദ് റഫീഖ് ടി.
ജനറൽ സെക്രട്ടറി